## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 3235 | 21/12/2012-ൽ<br>മറുപടിയ്ക്ക് |

### ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി ആലത്തൂരിലെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ | | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി | |
| (എ) | ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി വഴി ആലത്തൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്; | (എ) | ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി വഴി നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം റോഡ്, കേന്ദ്ര സർക്കാർ സഹായത്തോടെ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി, ചെറു അരുവികളിൽ തടയണ നിർമ്മാണം, സ്റ്റേറ്റ് പ്ലാനിൽ പഴം, പച്ചക്കറി വികസന പ്രോജക്ട് എന്നീ സ്കീമുകളിൽപ്പെട്ട പ്രവൃത്തികളാണ് ആലത്തൂർ മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്നത്. നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |
| (ബി) | മണ്ഡലത്തിൽ നിന്നും നൽകിയ പ്രൊപ്പോസലുകളുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | പ്രവൃത്തികളുടെ എസ്റ്റിമേറ്റും പ്രൊപ്പോസലുകളും തയ്യാറാക്കിവരുകയാണ്. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

Bijumon
സെക്ഷൻ ഓഫീസർ